LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കര-പേപ്പാറ ഡാമുകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം പ്രോജക്ട്

119 (1875) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുവിക്കര-പേപ്പാറ ഡാമുകളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം പ്രോജക്ടിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) അരുവിക്കര-പേപ്പാറ ഡാമുകളെ ബന്ധപ്പെടുത്തിയിട്ടുള്ള ടൂറിസം പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഉത്തരവൊന്നും ലഭിച്ചിട്ടില്ല.

നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെ വിനോദസഞ്ചാര വികസനം

120 (1876) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെയും അനുബന്ധ സ്ഥലങ്ങളുടെയും വിനോദസഞ്ചാര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെ വികസനത്തിനായി പുരാവസ്തു വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുകയും, അതനുസരിച്ചുള്ള നവീകരണ പ്രവൃത്തി പുരോഗമിച്ചു വരികയും ചെയ്യുന്നു.